# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3345** — **9.4.2013-ലെ മറുപടിയ്ക്ക്**

**<u>അഡ്വൈസ് മെമ്മോ ലഭിച്ച ശേഷം നിയമന ഉത്തരവ് ലഭിക്കാത്തവർ</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. സി.കെ.സദാശിവൻ** | **ശ്രീ. പി.കെ. അബ്ദുറബ്ബ്**<br>**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിന് അഡ്വൈസ് മെമ്മോ ലഭിച്ച എത്ര പേർക്ക് നിയമനം നൽകാൻ ബാക്കിയുണ്ട്; ഇവർക്ക് അഡ്വൈസ് മെമ്മോ നൽകിയതെന്നാണ്; | എ) അഡ്വൈസ് മെമ്മോ ലഭിച്ച 32 പേർക്ക് നിയമനം നൽകാൻ ബാക്കിയുണ്ട്. 8-2-13,22-2-13,7-3-13,11-3-13,13-3-13,14-3-13 എന്നീ തീയതികളിലാണ് അഡ്വൈസ് മെമ്മോ അയച്ചത്. |
| ബി) എഞ്ചിനീയറിംഗ് കോളേജുകളിൽ ആർക്കിടെക്ചറൽ എഞ്ചിനീയറിംഗിൽ അദ്ധ്യാപക നിയമനത്തിന് അഡ്വൈസ് മെമ്മോ ലഭിച്ച എത്ര പേർക്ക് നിയമനം നൽകാൻ ബാക്കിയുണ്ട്; | ബി) ആർക്കിടെക്ചറൽ എഞ്ചിനീയറിംഗിൽ അദ്ധ്യാപക നിയമനത്തിന് അഡ്വൈസ് മെമ്മോ ലഭിച്ച 4 പേർക്ക് നിയമനം നൽകാൻ ബാക്കിയുണ്ട്. |
| സി) പങ്കാളിത്ത പെൻഷൻ ബാധകമാകുന്ന തീയതിക്ക് മുൻപ് നിയമനം ലഭിക്കണമെങ്കിൽ നിലവിൽ അഡ്വൈസ് മെമ്മോ ലഭിച്ചവർ ഉന്നതങ്ങളിൽ സാമ്പത്തികമായി സ്വാധീനിച്ചാൽ മാത്രമെ നടക്കുയെന്ന പത്രവാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നേരത്തേ അഡ്വൈസ് മെമ്മോ ലഭിക്കുകയും പങ്കാളിത്ത പെൻഷൻ ബാധകമാകുന്നതിന് മുൻപ് നിയമനം ലഭിക്കാതിരിക്കുകയും ചെയ്താൽ ഇവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ആനുകൂല്യത്തിന് അർഹതയുണ്ടാകുമോ? | ഡി) 2013 ഏപ്രിൽ ഒന്നാം തീയതി മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്കെല്ലാം പങ്കാളിത്ത പെൻഷൻ ബാധകമാണ്. |

സെക്ഷൻ ഓഫീസർ